"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

മലപ്പുറം ജില്ലയിലെ തവനൂർ നിയോജക മണ്ഡലത്തിലെ സ്കൂളുകളിൽ ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന്/ പുതുക്കിപ്പണിയുന്നതിന് 2515-00-101-68 എന്ന ശീർഷകത്തിൽ ശുചിത്വ കേരളം (റൂറൽ) ഘടകത്തിൽ നിന്നും 64,04,383/- രൂപ വിനിയോഗിക്കുന്നതിനു പദ്ധതിയുടെ ഭരണാനുമതി 31.03.2022 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

G.O.(Rt)No.1941/2021/LSGD തീയതി,തിരുവനന്തപുരം, 07/10/2021

---

പരാമർശം:-
1. 26.03.2018 ലെ G.O (Rt) No.823/2018/ തസ്വഭവ നമ്പർ ഉത്തരവ്
2. 02.07.2019 ലെ G.O(Rt) No..1352/2019/ തസ്വഭവ നമ്പർ ഉത്തരവ്
3. 7.02.2021 ലെ GO(Rt) No.476/2021/LSGD നമ്പർ ഉത്തരവ്
4. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22.07.2021- ലെ 4024/A/2017/SM നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ തവനൂർ നിയോജക മണ്ഡലത്തിൽ 12 സർക്കാർ സ്കൂളുകളിൽ 125 ശൗചാലയങ്ങളും 153 മൂത്രപ്പുരകളും പുതുതായി പണിയുന്നതിനും കാടഞ്ചേരി ഗവൺമെൻറ് ഹയർ സെക്കൻററി സ്കൂളിൽ നിലവിലുള്ള 20 ശൗചാലയങ്ങൾ അറ്റകുറ്റപ്പണി നടത്തുന്നതിനും 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2515-00-101-68 എന്ന ശീർഷകത്തിൽ ദ്രവമാലിന്യ പരിപാലന ഘടകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 1,47,10,000/ രൂപ (ഒരുകോടി നാല്പത്തിയേഴ് ലക്ഷത്തിൽ പതിനായിരം രൂപ) വിനിയോഗിക്കുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി പരാമാർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. മേല്പറഞ്ഞ തുക സമയബന്ധിതമായി ചെലവഴിക്കാൻ കഴിയാതെ വന്നതിനാലും പദ്ധതിയുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് ഭേദഗതി വരുത്തി അനുമതിക്കായി ശുചിത്വ മിഷൻ സമർപ്പിച്ചിരുന്നതിനാലും പരാമാർശം (2) പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിന് 2019-20 സാമ്പത്തിക വർഷത്തിൽ 1,33,50,000/ രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തുകയിൽ 39,82,702/ രൂപ മാത്രമേ 2019-20 സാമ്പത്തിക വർഷം ചെലവഴിക്കാൻ കഴിഞ്ഞിരുന്നുള്ളൂ എന്നതിനാൽ ബാക്കി 93,67,298/ രൂപ 2020-21 സാമ്പത്തിക വർഷം ഇതേ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ഇനിയോഗിക്കുന്നതിനു പരാമാർശം (3) പ്രകാരം പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ള തുകയായ 93,67,298/- രൂപയിൽ 29,62,915/- രൂപ മാത്രമാണ് ഉത്തരവിന്റെ കാലാവധിയയായ 31.03.2021-നകം വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളത് എന്നതിനാൽ ബാക്കി തുകയായ 64,04,383/-രൂപ 2515-00-101-68 എന്ന ശീർഷകത്തിൽ ശുചിത്വ കേരളം റൂറൽ ഘടകത്തിൽ നിന്നും വിനിയോഗിക്കുന്നതിനു വേണ്ടി 31.03.2022 വരെ ഭരണാനുമതി പുതുക്കി നല്കണമെന്ന് ശുചിത്വ

മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3. മലപ്പുറം ജില്ലയിലെ തവനൂർ നിയോജക മണ്ഡലത്തിലെ സ്കൂളുകളിൽ ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന്/ പുതുക്കിപ്പണിയുന്നതിന് 2515-00-101-68 എന്ന ശീർഷകത്തിൽ ശുചിത്വ കേരളം (റൂറൽ) ഘടകത്തിൽ നിന്നും 64,04,383/- രൂപ വിനിയോഗിക്കുന്നതിനു പദ്ധതിയുടെ ഭരണാനുമതി 31.03.2022 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പദ്ധതിക്കനുവദിച്ചിട്ടുള്ള തുക നടപ്പു സാമ്പത്തിക വർഷത്തിനുള്ളിൽ (2021-22) തന്നെ വിനിയോഗിക്കേണ്ടതും പദ്ധതി ഈ സാമ്പത്തികവർഷത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S Kannan
Special Secretary

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
പഞ്ചായത്ത് ഡയറക്ടർ തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ G&SSA/E& RSA) കേരള,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 07-10-2021 14:35:24
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്